

# ആദിത്യകിരണങ്ങൾ

ഡിജിറ്റൽ മാഗസീൻ 2023-24

ജി . എച്ച് . എസ് . തേനാരി......






ജി.എച്ച്.എസ് തേനാരി

വിദ്യാലയങ്ങൾ നാടിൻെറ വെളിച്ചമാണ്. സ്വാതന്ത്ര്യത്തിന മുമ്പ് മദ്രാസ് ഗവൺമെൻറിന കീഴിൽ വരുന്ന മലബാർ ബോർഡ് ഓഫ് ഡിസ്ട്രികട് എലിമെൻററി എജ്യുക്കേഷൻെറ പരിധിയിൽ 1924ൽ ആണ് എലപ്പുള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട തേനാരി ഗവൺമെൻറ് ഹൈസ്കൂൾ ചെമ്പക വടശ്ശേരി കൃഷ്ണൻ നായർ സ്ഥാപിച്ചത്. ആദ്യ കാലത്ത് എൽ.പി.സ്കൂളായാണ് പ്രവർത്തനം ആരംഭിച്ചത്. അതിന ശേഷം മുതലിയാർ സമുദായത്തിൻെറ വാടക കെട്ടിടത്തിലേക്ക് മാറിയ സ്കൂൾ പിന്നീട് ഗവൺമെൻറ് ഏറ്റെടുത്തു. 1924ൽഹിന്ദു ബോർഡ് ഓഫ് എലിമെൻററി സ്കൂളായി പ്രവർത്തനം ആരംഭിച്ച സ്കൂളിൻെറ പ്രവർത്തനത്തിൻെറ ആദ്യഘട്ടത്തിൽ കോപ്പുനായരും, സി. വി. കൃഷ്ണൻനായരും മാത്രമായിരുന്ന അദ്ധ്യാപകരായിട്ടുണ്ടാ യിരുന്നത് . പിന്നീട് ഈശ്വരവാധ്യാരും,ഇ.എസ്.വെങ്കിടാചല അയ്യരും, പങ്കുമേനോനും ഹെഡ്മാസ്റ്ററായി വന്നു.

പിന്നീട് ബോർഡ് ബോയ്സ് എലിമെൻററി സ്കൂൾ 1954 ആകുമ്പോഴേക്കും അപ്പർ പ്രൈമറിയായി ഉയർത്തപ്പെടുകയും ഈ കാലയളവിൽ സ്കൂളിൽ ഇ.എസ്.എസ്.എൽ.സി (പഴയ 8-ാം ക്ലാസ്സ്) ഉണ്ടായിരുന്നു തമിഴ് മീഡിയവും, മലയാളം മീഡിയവു മുണ്ടായിരുന്ന സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുന്നതിന് പിന്നെയും വർഷങ്ങളെടുത്തു. 2011ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട തേനാരി ഗവൺമെൻറ് ഹൈസ്കൂൾ തുടർച്ചയായി പത്താംതരത്തിൽ 100% വിജയം നേടി വരുന്നു. നിലവിൽ തമിഴ് , മലയാളം, ഇംഗ്ലീഷ് മീഡിയങ്ങൾ സ്കൂളിലുണ്ട്.





# ആശംസ

**വി . പി . സുബ്രമണ്യൻ ഹെഡ്മാസ്റ്റർ**

നോവലുകളും കഥകളും വായിച്ചിരുന്ന ഒരു ബാല്യകാലം നമ്മുക്കെല്ലാവർക്കും ഉണ്ടായിരുന്നു . എന്നാൽ ഇന്ന് വിവരസാങ്കേതിക വിദ്യയുടെ കാലത്ത് അത്തരത്തിലുള്ള വായനഡിജിറ്റൽ വായനയിലേക്ക് മാറി . വായനയാണ് മനുഷ്യനെ പൂർണനാക്കുന്നത് . നല്ലൊരു പൗരബോധവും ജനാധിപത്യബോധവുമുള്ള പൗരനെ വാർത്തെടുക്കുന്നതിന് വായനയിലൂടെ മാത്രമെ കഴിയൂ . മാറുന്ന ലോകത്ത് പുതിയതലമുറയ്ക്ക് അവരുടെ വായന ലോകം ഡിജിറ്റലായും തുടരാൻ കഴിയട്ടെ .



# ആശംസ

സുരേഷ്.എസ്

പി . ടി .എ .പ്രസിഡണ്ട്

വിവര സാങ്കേതിക വിദ്യയുടെ
വിപ്ലവലോകത്ത് പുതിയ തലമുറയ്ക്ക്
സാങ്കേതിക
വിവരസാങ്കേതികവിദ്യ
പരിജ്ഞാനംനേടിയേ
മതിയാകു .ഡിജിറ്റൽ മാഗസീൻ
തയാറാക്കുന്നതീലൂടെ
കുട്ടികൾഅവരുടെ സാങ്കേതിക
പരിജ്ഞാവും സാഹിത്യാഭിരുചിയും
ഭാവനയും ഉപയോഗിക്കുകയാണ്.
ഇനിയും ഇത്തരം
പ്രവർത്തനത്തിലൂടെ മുന്നേറാൻ
എല്ലാ കുട്ടികൾക്കുംകഴിയട്ടെ

# എഡിറ്റോറിയൽ

നിരവധി ഓർമ്മകളും ആഘോഷങ്ങളും
അക്കാദമിക പ്രവർത്തനങ്ങളുമായി  2023-24
അധ്യയന വർഷവും കടന്നുപോയി.'ആദിത്യ
കിരണങ്ങൾ'  എന്ന ഈ മാഗസിൻ സൂര്യനെ
പോലെ ജ്വലിക്കുന്ന ഭാവി പ്രതീക്ഷകളുടെ
ഭാവനകളും ആശയങ്ങളും ലോകജ്ഞാനവും
പ്രകടിപ്പിക്കുന്നതാണ്. അക്കാദമിക
കഴിവുകൾക്ക് ഉപരിയായി കുഞ്ഞുകഴിവുകളുടെ
ലോകത്തേക്ക് ഒരു യാത്ര.

# ആദിത്യകിരണങ്ങൾ...................


1 . ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.........അഞ്ജന 7 A

2 . ദ്വീപ് രാഷ്ട്രങ്ങളുടെ വിശേഷങ്ങളിലേക്ക്
സഞ്ജന.എസ് , അർച്ചന അശ്വതി . എം 9 A

3 . മന്ദാരത്തിലെ കാറ്റ്.....................രമേഷ് .കെ 10 A

4 . സ്കൂളിലെ ക്രിസ്മസ് ആഘോഷം.........ഗായത്രി എസ് 9 A

5 . ആഗോളതാപനം ലോകത്തിന് ഭീഷണി ......അനുരാധ

6 . പാലക്കാടിന്റെ ചരിത്രം............ സ്നേഹ എൻ.എസ് 7 A

7 . പ്രകൃതിയെ സ്നേഹിച്ചാൽ ..................................അഞ്ജന

8 . പശ്ചിമഘട്ടത്തെ തൊട്ടറിഞ്ഞുള്ള യാത്ര ശ്രീഷ . എസ് 9 A

9 . ഹിന്ദി കഥ .......................... അശ്വതി എം 9 A

10 . ജി എച്ച് എസ് തേനാരി നൂറാം വാർഷികത്തിലേക്ക്

11 . ജീവിതത്തിൽ മറക്കാൻ കഴിയാത്ത അനുഭവം............
കനിഷ്ക,അഫീഫ,അനുശ്രീ ആർ

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

പണ്ട് ഒരു ഗ്രാമത്തിൽ ഒരു കുടുംബം വളരെ സ്നേഹത്തോടെ ജീവിച്ചു വന്നു. വർഷങ്ങൾക്കുശേഷം അവർക്ക് രണ്ട് കുട്ടികൾ ഉണ്ടായി . അവർ ഇരട്ടകൾ ആയിരുന്നു. മിന്നു ചിന്നു എന്ന് അവർക്ക് പേരിട്ടു. വർഷങ്ങൾ കടന്നു പോയി. അവർ ഏഴാം ക്ലാസ്സിൽ എത്തി. അവർ പഠനത്തിൽ മിടുക്കരായിരുന്നു. അവർ നല്ല മനസ്സുള്ളവരായിരുന്നു. അവരുടെ ക്ലാസ്സിൽ അച്ചു എന്നൊരു പെൺക്കുട്ടിയുണ്ടായിരുന്നു. അവർ പഠിത്തത്തിൽ മിടുക്കികളായതു കൊണ്ടുതന്നെ അച്ചുവിന് നല്ല അസൂയയാണ്. ഒരു ദിവസം അച്ചു ചിന്തിച്ചു ,ചിന്നുവിനെയും മിന്നുവിനെയും ടീച്ചർക്ക് നല്ല ഇഷ്ടമാണല്ലോ,എങ്ങനെയെങ്കിലും അവരുടെ സ്നേഹം ഇല്ലാതാക്കണം,ഒരു ദിവസം അവൾ ടീച്ചറോട് പറഞ്ഞു. ടീച്ചർ എൻെറ പെൻസിൽ കണാനില്ല. ചിന്നുവും മിന്നുവും ആണ് അത് മോഷ്ടിച്ചത്. എനിക്ക് നല്ല ഉറപ്പുണ്ട്. എന്ന് ടീച്ചർ വിശ്വസിച്ചില്ല. അവർ അങ്ങനെ ചെയ്യില്ലെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. അച്ചു നീ നന്നായി ബാഗിൽ നോക്ക്,എന്ന് പറഞ്ഞു. ടീച്ചർ എനിക്ക് നിങ്ങളെക്കുറിച്ച് അറിയാം അച്ചുവിൻെറ സംശയം മറ്റിക്കൊടുക്കാനാണ് എന്ന് പറഞ്ഞു. ആ ദിവസം സ്കൂൾ വിട്ട് പോവുമ്പോൾ അവർ ഒരു പെൻസിൽ അച്ചുവിന് വാങ്ങി കൊടുത്തു. അപ്പോൾ അച്ചു സത്യമെല്ലാം തുറന്നു പറഞ്ഞു. അപ്പോൾ ചിന്നുവും മിന്നുവും അവൾക്ക് നല്ല വാക്കുകൾ പറഞ്ഞ് കൊടുത്തു. അച്ചു മാപ്പപേക്ഷിച്ചു. അന്നു മുതൽ അച്ചുവും ചിന്നുവും മിന്നുവും നല്ല സുഹൃത്ത്ക്കാളായി. അച്ചു കാര്യങ്ങൾ മനസ്സിലാക്കി അവൾ നല്ല കുട്ടിയായി .

# ഗ്രീൻലാൻറ്

ഉത്തര അറ്റ്ലാൻറിക്ക് സമുദ്രത്തിലുള്ള ഒരു ദ്വീപാണ് ഗ്രീൻലാൻറ് (കാലാലിസൂത്ത്) കാനഡയുടെ വടക്ക് കിഴക്കായാണ് ഗ്രീൻലാൻഡ് സ്ഥിതിചെയ്യുന്നത്. ഭൂപ്രകൃതിയനുസരിച്ചും മനുഷ്യജീവിതരീതിയനുസരിച്ചും ആർട്ടിക്ക് ദ്വീപരാജ്യവും ഭമിശാസ്ത്രപരമായി വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൻെറ ഭാഗവും ആണെങ്കിലും ചരിത്രപരമായും രാഷ്ട്രയമായും ഈ രാജ്യം യൂറോപ്പിനോട് പ്രതേകിച്ച് ഐെസ്ലാൻഡ് നോർവെ ഡെന്മാർക്ക് എന്നുരാജ്യങ്ങളോട് ബന്ധപ്പെട്ടുകിടക്കുന്നു .1979 ഗ്രൻലാൻഡിന് ഡെന്മാർക്ക് സ്വയംഭരണാവകാശം നൽകുകയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ദ്വീപാണ് ഗ്രീൻലാൻലാൻഡ് ഇതിനെ ഒരു ഭൂഖണ്ഡമായി കണക്കാക്കുന്നില്ല.

## ചരിത്രം

എഴുതപ്പെട്ട ചരിത്രവിവരണങ്ങൾക്ക് മുൻപ് പാലിയോ എസ്കിമോകൾ ഇവിടെ വസിച്ചിരുന്നു. എ.ഡി 984 മുതൽ ദ്വീപിൻെറ ഏറ്റവും തെക്കുകിഴക്കൻ മുനമ്പിനടുത്തുള്ള ഫോർഡുകളിൽ ഐെസ്ലാൻഡുകൾ കോളനി സ്ഥാപിച്ചിരുന്നു ഇത്തരം ആവാസകേന്ദ്രങ്ങൾ വളരെപ്പെട്ടെന്ന് വികസിച്ച നൂറ്റാണ്ടുകളോളം ഇത് തുടർന്നുവെങ്കിലും 1400 കളിൽ ഇവ ആപ്രത്യക്ഷമായ ചെറുഹിമയുഗത്തിൻെറ ക്രമരഹിതവെളിപ്പെടലുകൾ നടന്ന കാലമായിരുന്നു അത്

## ഭൂമിശാസ്ത്രവും കാലാവസ്ഥയും

ഗ്രീൻലാൻഡിൻെറ തെക്കുവടക്ക് അറ്റ്ലാൻറിക്ക് മഹാസമുദ്രവും കിഴക്ക് ഗ്രീൻലാൻഡ് കടലും  വടക്ക് ആർട്ടിക്ക് സമുദ്രവും പടിഞ്ഞാറ് ബാഫിൻ ഉൾക്കടലും സ്ഥിതിചെയ്യുന്നു ഗ്രിൻലാൻഡൻെറ കിഴക്ക് വശത്ത് അറ്റ്ലാൻറിക്ക് സമുദ്രത്തിലുള്ള കാനഡയുമാണ് ഏറ്റവും വലിയ ദ്വീപും സ്വയംഭരണപ്രദേശവുമാണ് ഗ്രീൻലാൻഡ് കൂടാതെ ലോകത്തിലെ ഏറ്റവും വലിയ ദേശീയോദ്യാനം സ്ഥിതി ചെയ്യുന്നതും ഈ ദ്വീപിലാണ്.

# സുമാത്ര

വലിപ്പത്തിൽ ലോകത്തെ ആറാമത്തെ ദ്വീപാണ് സുമാത്ര സ്വർണ്ണദ്വീപ് എന്നായിരുന്ന സുമാത്രയുടെ പ്രാചീന നാമം ഇന്ത്യക്കും ചൈനയ്ക്കും ഇടയിലെ വ്യാപാര മാർഗ്ഗത്തിൽ കിടക്കുന്നതു കൊണ്ട് ഇവിടെ പ്രാചീന കാലത്തുതന്നെ ഇന്ത്യൻ സംസ്കാരം വേരോടി. ശ്രീവിജയ സാമ്രജ്യം സുമാത്രയിലാണ് ഉടലെടുത്തതത്. ആച്ചേ കേന്ദ്രമാക്കിയുള്ള സമുദ്ര എന്ന ഹിന്ദുരാജവംശം പതിമൂന്നാം നൂറ്റാണ്ടിൽ ഇസ്ലാം മതം സ്വീകരിച്ചു .ഇവിടം സന്ദർശിച്ച ഇബ്ൻ ബത്തുത്തയാണ് സമുദ്രത്തെ സുമാത്രയെന്ന് തെറ്റായി ധരിച്ചത്. ഭൂമധ്യരേഖ സുമാത്രയിലൂടെ കടന്നുപോകുന്ന .വൻതോതിൽ പെട്രോളിയം നിക്കേഷപമുള്ള സുമാത്ര പനയെണ്ണയ്ക്കും പ്രസിദ്ധമാണ് . മഴക്കാടുകളാണ് ദ്വീപിൻെറ മറ്റൊരു സവിശേഷത അപൂർവ്വവും ഗംഭീരവുമായ സസ്യ ജന്തു പ്രകൃതി ഇവിടെയുണ്ട് .ലോകത്തെ ഏറ്റവും വലിയ പൂവായ റഫ്ളീസിയ ഏറ്റവും ഉയരമുള്ള പൂവായ ടൈറ്റൻ അറം സുമാത്രൻ പൈൻ തുടങ്ങിയ സസ്യങ്ങളും സുമാത്രൻ പൈൻ തുടങ്ങിയ സസ്യങ്ങളും സുമാത്രൻ കടുവ, ഒറാങ്ങ് ഉട്ടാൻ കണ്ടാമൃഗം ആന സുന്ദാമേഘപ്പുലി തുടങ്ങുയ ജന്തുക്കളും മഴ .ക്കാടുകളിൽ ധാരളമുണ്ട് പത്ത്ദേശീയ ഉദ്വാനങ്ങളിൽ മൂന്നെണ്ണത്തിന് ലോകപൈതൃകകേന്ദ്രങ്ങൾ എന്ന പദവിയുണ്ട് .ജനസംഖ്യയിൽ 90 ശതമാനവും ഇസ്ലാം മതവിശ്വാസികളാണ്

# അലാസ്ക

അമേരിക്കൻ ഐക്യനാടുകളിലെ 49-ാം സംസ്ഥാനമാണ്. രാജ്യത്തിൻെറ വടക്കു പടിഞ്ഞാറെ അറ്റത്തായി ഭൂവിസ്തൃതിയനുസരിച്ച് അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും വലിയ സംസ്ഥാനവും ഇതു തന്നെ. എന്നാൽ ജനവാസ്യയോഗ്യമായ പ്രദേശങ്ങൾ കുറവായതിനാൽ ജനസംഖ്യയനുസരിച്ച് 47-ാം സ്ഥാനമേ ഇതിനുള്ളൂ. അമേരിക്കയുടെ പ്രധാന ഭൂപ്രദേശത്തുനിന്നു മാറി സ്ഥിതി ചെയ്യുന്ന 2 സംസ്ഥാനങ്ങളിലൊന്നാണിത്. മുഖ്യപ്രദേശത്തു നിന്നു 800 കിലോമീറ്ററോളം അകലെയാണ് അലാസ്കയുടെ സ്ഥാനം. അമേരിക്കയേക്കാൾ ഈ പ്രദേശത്തിന് ഭൂമിശാസ്ത്രപരമായ സാമിപ്യം കാനഡയോടും റഷ്യയോടുമാണ്. മുഴുവൻ ഐക്യനാടുകളുടെയും ഏകദേശം അഞ്ചിലൊന്നു വരും അലാസ്ക സംസ്ഥാനത്തിൻെറ മാത്രം വ്യാസം. ഏതാണ്ട് ടെക്സാസിനേക്കാൾ രണ്ടിരട്ടി വലുപ്പമുണ്ട്

അലാസ്ക സംസ്ഥാനത്തു മാത്രമായി 3 മില്ല്യൻ ചെറുതും വലുതുമായ തടാകങ്ങളും അതുപോലെ സജീവമായതും അഗ്നിപർവ്വതങ്ങളുമുണ്ട്. ആർട്ടിക്ക് സമുദ്രം പസഫിക്ക് സമുദ്രം ബറിംഗ് കടൽ എന്നിങ്ങനെ 3 വ്യത്യസ്ത സമുദ്രതീരങ്ങളുള്ള ഏക സംസ്ഥാനമാണ് അലാസ്ക. സമുദ്രതീരം 33000 മൈൽ ദൂരത്തിൽ പരന്നു കിടക്കുന്നു. അലാസ്കയിൽ 24 മണിക്കൂറും സൂര്യപ്രകാശം കിട്ടുന്ന സ്ഥലങ്ങളുമുണ്ട്. അലാസ്കയിലെ 20320 അടി ഉയരമുള്ള മക്കിൻലെ പർവ്വതമാണ് വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ പർവ്വതം.

1959-ൽ ആണ് അലാസ്കക്ക് സംസ്ഥാന പദവി ലഭിച്ചത് ജൂനൃ നഗരമാണ് തലസ്ഥാനം. 1867 വരെ അലാസ്ക റഷ്യയുടെ ഭാഗമായിരുന്നു. ആ വർഷം 1867 മാർച്ച് ഒന്ന് 7.2 മില്ല്യൺ യു.എസ്.ഡോളറിന് റഷ്യയിൽ നിന്ന് വാങ്ങുകയായിരുന്നു. 1959 ൽ സംസ്ഥാനപദവി ലഭിക്കും വരെ ഇത് ഒരു കേന്ദ്രഭരണപ്രദേശമായി തുടരുന്നു

അലാസ്ക അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും ഭൂവിസ്തൃതിയുള്ള സംസ്ഥാനമാണ്. വടക്കേ അമേരിക്കൻ ഭഖണ്ഡത്തിൻെറ വടക്കു പടിഞ്ഞാറൻ അറ്റത്തായും സ്ഥിതിചെയ്യുന്ന ഇതിൻെ കിഴക്ക്ഭാഗത്ത് കാനഡയും വടക്കുഭാഗത്ത് ആർട്ടിക്ക് മഹാസമുദ്രവും പടിഞ്ഞാറുമാറി ബെറിങ് കടലിടുക്കിന് കുറുകെ റഷ്യയും നിലകൊള്ളുന്നു.

698 473- ത്തോളം അലാസ്ക നിവാസികളിൽ ഏകദേശം പകുതിപേരും ആങ്കറേജ് മെട്രൊപൊലിറ്റൻ പ്രദേശത്ത് താമസിക്കുന്നു.2009 ലെ കണക്കനുസരിച്ച് അലാസ്കയാണ് USലെ ഏറ്റവും ജനസാന്ദ്രത കുറഞ്ഞ സംസ്ഥാനം

## മന്ദാരത്തിൻ ചിരി

അതാ നോക്കു പുഞ്ചിരി....
പാട്ടുപാടുന്ന പുഞ്ചിരി, ഓടി
അകലുന്ന പുഞ്ചിരി,

വെള്ളാരം കണ്ണല്ല....
പാട്ടുപാടുന്ന നാവല്ല
മന്ദാരം ചിരിയാണ്
നേരത്തിൻ ചിരിയാണ്

നിൽക്കുമൊരു കാറ്റേ?
എൻെറ ചിരിനോക്കുനീ.....
കണ്ണു ളുകുന്നു ഞാൻ,
എൻെറ പല്ലിൻെറ ചിരികൾ

എന്നെ, തേടുന്നുവോ?
ആ മലയുടെ ചിരി....
വിടർന്നു നിൽക്കുന്ന പൂക്കൾ
ചിരിച്ചു ഉല്ലസിക്കുന്ന ചെറുപൂക്കൾ.....

രമേഷ് കെ 10 A



## ആഘോഷങ്ങൾ

2023-24അദ്ധ്യയനവർഷത്തിൽ ഓണം,ക്രിസ്മസ്,പെരുന്നാൾ, പൊങ്കൽ തുടങ്ങിയ എല്ലാ ഉത്സവങ്ങളും ജി.എച്ച്.എസ് തേനാരി സ്കൂളിൽ ആഘോഷിച്ചു. പക്ഷേ ഏറെ വ്യത്യസ്തമായത് ക്രിസ്മസ് ആഘോഷമായിരുന്നു.പഞ്ചായത്ത് പ്രസിഡൻറ രേവതി ബാബു ഉദ്ഘാടനം വഹിക്കുകയുംഎച്ച്.എം.സുബ്രമണ്യൻ സാർ സ്വാഗതവും ചെയ്ത പരിപാടിയിൽ വാർഡ് മെമ്പർമാർ ആശംസ അർപ്പിക്കുകയും ചെയ്തു. ക്രിസ്മസ് ആഘോഷം, ആഘോഷം എന്നതിൽ ഉപരിയായി ഞങ്ങളുടെ വിദ്യാലയത്തിൽ മനോരമ നല്ല പാഠം പ്രവർത്ത നത്തിൻെറ ഭാഗമായി എക്കോ ക്ലബ്അംഗങ്ങളുടെ നേതൃത്വത്തിൽ കൃഷി ചെയ്ത വാഴക്കുല വിറ്റ് ലഭിച്ച പണം സമാഹരിച്ച് പാലിയേറ്റിവ് കെയറിൻെറ പ്രവർത്തനങ്ങൾക്കായി ഒരു ചെറിയ തുക സംഭാവന നൽകി. ശയ്യവലംബികളായ നിരവധി രോഗികൾക്ക് ആശ്രയമായ പാലിയേറ്റിവ് കെയറിൻെറ പ്രവർത്തനങ്ങളെ കുറിച്ചുള്ള പുതിയ അറിവ് കൂടിയായി ഞങ്ങളുടെ വിദ്യാലയത്തിലെ ഈ മാതൃക പ്രവർത്തനം.പിന്നീട് കുട്ടികളുടെ വിവിധ പരിപാടികളും കേക്ക് വിതരണവും നടന്നു.

ആഗോളതാപനവും കാലവസ്ഥ വ്യതിയാനവും

ചന്ദ്ര ധനുസ്സിൻ ഉവൽ പൊഴിയും തീരം
ഈ മനോഹര തീരത്തു തരുമോ
ഇനിയൊരു ജന്മം കൂടി
എനിക്കിനിയൊരു ജന്മം കൂടി
എന്ന വയലാർ രാമവർമ്മ എഴുതിയ മനോഹരഗാനം ആസ്വദിക്കാത്ത മലയാളികൾ കുറവാണ്. വൈവിധ്യങ്ങളാൽ സമൃദ്ധമായ നമ്മുടെ ഭൂമി, ആ മനോഹര ദൃശ്യങ്ങളെ ആസ്വദിക്കാത്തവരും കുറവാണ്. എന്നാൽ ഇന്ന് ഭൂമി നേരിടുന്നതും മാനവരാശി ഒട്ടാകെ നേരിടുന്നതുമായ വലിയ വിപത്തായി മാറി ആഗോളതാപനം. 2023 ഏറ്റവും ചൂടുകൂടിയ വർഷമായി കണക്കാകുന്നു. U.N പരിസ്ഥിതി പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് ലോകത്തിൻെറ ശരാശരി താപനില രണ്ട് ഡിഗ്രി കൂടുതലായി എന്നുള്ളതാണ്. ഇതിൻെറ അനന്തരഫലം നമ്മുടെ രാജ്യം അഭിമുഖീകരിച്ചു. കാലവസ്ഥ മാറ്റങ്ങളുടെ ഫലമായി കഴിഞ്ഞ വർഷം ഇന്ത്യയിൽ 2923 പേർക്ക് ജീവൻ നഷ്ടപെടുകയും 18.4 ലക്ഷം ഹെക്ടർ കൃഷി നശിക്കുകയും ചെയ്തതായി കണക്കാക്കുന്നു. കാർബൺ
ഇന്ധനങ്ങൾ ഭൂമുഖത്തു നിന്ന് ഇല്ലായ്മ ചെയ്തില്ലെങ്കിൽ മനുഷ്യരാശിയുടെ ഭാവിതന്നെ അനിശ്ചിതമാവുമെന്ന് ശാസ്ത്ര സമൂഹം മുന്നറിയപ്പ് നൽകുന്നു.
കൽക്കരി ,പെട്രോൾ ,ഡീസൽ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ അളവ് കുറച്ച് പാരമ്പര്യേതര ഊർജ സ്രോതസുകളുടെ ഉപയോഗം കൂട്ടുന്ന നടപടികളിലേക്ക് ലോകരാജ്യങ്ങൾ നീങ്ങേണ്ടിയിരിക്കുന്നു. 2023 ൽ തന്നെ അൻറ്റാർട്ടിക്കിൽ 10 ലക്ഷം ചതുരശ്ര കിലോമീറ്റർ ഐസ് കാണനില്ലെന്ന വിവരം നാം വാർത്താമാധ്യമങ്ങളിലൂടെ അറിഞ്ഞു. ഇന്ത്യയിൽ അടുത്തക്കാലത്ത് വർധിച്ച തോതിൽ അനുഭവപ്പെടുന്ന തീവ്രമഴയും ഉരുൾപൊട്ടലും കൃഷി നാശവും മറ്റും കാലവസ്ഥമാറ്റത്തിൻെറ ഭാഗമാണെന്ന് കരുതപ്പെടുന്നു. നമ്മുടെ കേരളം പോലും പ്രകൃതി ദുരന്തങ്ങളാൽ കഷ്ടപ്പെടുന്നു. ലോകത്തെ സമ്പന്ന ചേരിയിൽപ്പെട്ട രാജ്യങ്ങൾ പണ്ടുത്തൊട്ട് തുടങ്ങിയ വികസനത്തിൻെറ ആഘാതമാണ് കാലവസ്ഥ ദുരന്തങ്ങളിലൂടെ പാവപ്പെട്ട പല രാജ്യങ്ങളും അഭിമുഖികരിക്കുന്നത് . കാലവസ്ഥ വ്യതിയാനങ്ങളെ ചെറുക്കാൻ വികസിത അവികസിത വികസ്വര രാജ്യങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. 2023 ൽ ദുബായിൽ നടന്ന കാലവസ്ഥ ഉച്ചക്കോടിയും കാര്യമായ തീരുമാനങ്ങളൊന്നു എടുക്കാതെയാണ് പിരിഞ്ഞത്. നമ്മുടെ ആവാസവ്യവസ്ഥയെ കാലവസ്ഥ മാറ്റം ഏതു രീതിയിലൊക്കെ ബാധിച്ചുവെന്ന് നമ്മുടെ ചുറ്റുപാട് നിരിക്ഷിച്ചാൽ മനസ്സിലാകും കാലവസ്ഥ വ്യതിയാനത്തെ പറ്റി വാർത്ത മാധ്യമങ്ങളിൽ തുടർച്ചയായി വരുന്ന വാർത്തകളും ലേഖനങ്ങളും ഒരു പരിധിവരെയും ജനങ്ങളിൽ ബോധവത്കരണം ഉണ്ടാക്കാൻ സാഹായിക്കുന്നുണ്ട്. ആഗോളതാപനം മൂലമുണ്ടകുന്ന കാലവസ്ഥ വ്യതിയാനമൂലം പല ദുരന്തങ്ങളും നാം അഭിമുഖിക്കരിക്കുന്നതുകൊണ്ട് നമ്മുടെ രാജ്യം മറ്റുരാജ്യങ്ങളുടെ നടപടികൾക്ക് കാത്തു നില്ക്കാതെ സുസ്ഥിരവികസന പാതയിലൂടെ മുന്നേറുന്നുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും വികസന പദ്ധതികൾ പ്രകൃതി സൗഹ്യദമാക്കിയും മുന്നേറണം. ആ പദ്ധതികളിൽ നാം ഓരോരുത്തരം സഹകരിക്കുകയും ഈ മനോഹര ഭൂമിയുടെ നിലനില്പിനുവേണ്ടി കൂട്ടായി പ്രവർത്തിക്കുകയും ചെയ്യാം.

# പാലക്കാടിൻെറ ചരിത്രം

കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ജില്ലയാണ് പാലക്കാട്. ആസ്ഥാനം പാലക്കട് നഗരം (2006)-ൽ പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചിരുന്നു.എന്നാൽഎറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്  ഇടുക്കി ജില്ലയോട് ചേർത്തതോടെ 2023-ൽ പാലക്കാട് ജില്ലക്ക് ഒന്നാം സ്ഥാനം നഷ്ടപ്പെട്ടു ഭാരതപ്പുഴയാണ് പ്രധാന നദി. തെക്ക് തൃശ്ശൂർ  വടക്ക് മലപ്പുറം കിഴക്ക് തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ല. പടിഞ്ഞാറ് മലപ്പുറവും തൃശ്ശൂരും എന്നിവയാണ് സമീപജില്ല. ജില്ല മുഴുവൻ ഭാരതപ്പുഴയുടെ നദീതടപ്രദേശമാണ് .മറ്റു നദികൾ കുന്തി പുഴ, തൂത പുഴ, ഗായത്രിപുഴ, കണ്ണാടി പുഴ, കൽപ്പാത്തി പുഴ, ശിരുവാണി, ഭവാനി പുഴ. പശ്ചിമ ഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർ ചുരമാണ്. ഈ ചുരമാണ്  പലാക്കാടിനെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്നത്. ഇതര ജില്ലകളിൽ നിന്ന് വ്യത്യസ്ത- മായി ഇവിടെ തമിഴ്നാട്ടിലേതുപോലെ വരണ്ട കാലാവസ്ഥയാണ്.

കേരളപ്പിറവിക്കു മുൻപ് ഈ ജില്ല മദിരാശി പ്രസിഡൻസിയുടെ ഭാഗമായിരുന്നു. മൈസൂർ സൈന്യം വന്നപ്പോഴേക്കും സാമൂതിരി നാടുവിട്ടു പിന്നീട് ഹൈദരാലി പാലക്കാട് പിടിച്ചു. ഹൈദരാലിയുടെ (1766-1777) കാലത്ത് നിർമിച്ചതാണ് ഇന്നു കാണുന്ന പാലക്കാട് കോട്ട 1957-ജനവരി ഒന്നിനാണ് പാലക്കാട് ജില്ല രൂപം കൊണ്ടത്.

## പ്രകൃതിയെ സ്നേഹിച്ചാൽ അത് തിരിച്ചും സ്നേഹിക്കും

പണ്ട് ഒരു ഗ്രാമത്തിൽ ഒരു കുടുംബം പ്രകൃതിയെ വളരെയധികം സ്നേഹിച്ചു. അവിടെ നിന്ന് കുറച്ചു ദൂരം നടന്നാൽ ഒരു ചെറിയ കാടെത്തും.അവിടെ ഭയാനകമായ മൃഗങ്ങൾ ഉണ്ടായിരുന്നില്ല.ആ കുടുംബത്തിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. കിച്ചു  എന്നാണ് അവളെ എല്ലാവരും സ്നേഹത്തോടെ വിളിച്ചിരുന്നത്.അവളുടെ പേര് തീർത്ഥ എന്നായിരുന്നു. അവൾ കാടിനെയും പ്രകൃതിയെയും  മൃഗങ്ങളെയും ജീവന് തുല്ല്യം സ്നേഹിച്ചു. സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ
രാവിലെ തന്നെ കാട്ടിലേക്ക് ഓടും. ചില ദിവസങ്ങളിൽ ഭക്ഷണം പൊതിച്ചോറ് കെട്ടി കൊണ്ടുപോകും. ഒരു ദിവസം ഞായറാഴ്ച അവൾ കാട്ടിലേക്ക് പോയി. സാധാരണ 9 മണി ആവുമ്പോഴേക്കും കാട്ടിലേക്ക് പോകും. എന്നാൽ അവൾ അന്ന് കാട്ടിലേക്ക് പോകുമ്പോൾ 10 മണിയായിരുന്നു. അവൾ പെട്ടെന്ന് ഓടി. അവളുടെ ഓമന മൃഗങ്ങളെയൊന്നും കാണാനില്ല.ക കുറെ ദൂരം നടന്നപ്പോൾ മിട്ടു മുയൽ ഒരു കൂട്ടിൽ അകപ്പെട്ടിരിക്കുന്നത് കണ്ടു. അവൾക്ക് സങ്കടം തോന്നി. എന്നാൽ പെട്ടെന്ന് അവൾ മറ്റു മൃഗങ്ങളെ കൂട്ടി മിട്ടു മുയലിനെ രക്ഷിച്ചു. പെട്ടെന്ന് ഒരു വേട്ടക്കാരൻ കിച്ചുവിന് നേരെ പാഞ്ഞു. അയാൾ കത്തി എടുത്തു. അവൾ ഭയന്ന് കരഞ്ഞു. പെട്ടെന്ന് മൃഗങ്ങളെല്ലാം ഒത്തുകൂടി വേട്ടക്കാരനെ ആക്രമിച്ചു. വേട്ടക്കാരൻ അവളെ വിട്ടു. എന്നിട്ട് ഓടി പോയി. അവർ പിന്നീട് ഒരുമിച്ച് കളിച്ചു. കിച്ചു വിട്ടിൽ പോയി നടന്നതെല്ലാം പറഞ്ഞു. അവർക്കെല്ലാം മൃഗങ്ങളോട് നല്ല സ്നേഹം തോന്നി. പിന്നെ കിച്ചുവും മൃഗങ്ങളും ഒരുമിച്ച് കളിച്ചു തുടങ്ങി. പിന്നീട് ഒരിക്കലും വേട്ടക്കാർ വന്നില്ല.

പശ്ചിമഘട്ടത്തെ തൊട്ടറിഞ്ഞ് കൊണ്ടുള്ള ഒരു യാത്ര

യാത്ര എല്ലാവർക്കും പല അനുഭവങ്ങളാണ് നൽകുന്നത് . യാത്ര വായനക്കപ്പുറം അടുത്തറിഞ്ഞ് വിവരങ്ങൾ അറിയാനുള്ള മാർഗ്ഗമാണ് . ഞങ്ങളുടെ സ്കൂളിൽ നിന്നും മൂന്നാറിലേക്ക് നടത്തിയ പഠനയാത്ര ഉല്ലാസയാത്രയക്കുമപ്പുറം അനുഭവങ്ങളാണ് . പാലക്കാടിലെ തേനാരി എന്ന കൊച്ചുഗ്രാമത്തിലെ എൻെറ സ്കൂളിൽ നിന്ന് ഉടുമൽപ്പേട്ട വഴി ചിന്നാറിലേക്ക് പ്രവേശിച്ചു. മാധ്യമങ്ങളിലൂടെ മാത്രം കേട്ട ചിന്നാറിനെ കുറിച്ച് അധ്യാപകർ നൽകിയ വിവരം വേറിട്ട അനുഭവമായി. ഇടുക്കി ജില്ലയിലൂടെ പ്രകൃതി മനോഹരിത ആസ്വദിച്ച് ഓരോ വളവും തിരിഞ്ഞ് ഞങ്ങൾ ഇരവിക്കുളം നാഷ്ണൽ പാർക്കിലെത്തി . കേരളത്തിലെ ആദ്യ ദേശീയ പാർക്കായ ഇരവിക്കുളത്തെ അടുത്തറിഞ്ഞ് വരയാടുകളെ കണ്ടു. നീലകുറിഞ്ഞിചെടികളെ അറിഞ്ഞു. ഇതിനെല്ലാം ഉപരി കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ആനമുടിയുടെ ദൃശ്യമാണ് എന്നെ അത്ഭുതപ്പെടുത്തിയത് . മൂന്ന് ആറുകളുടെ സംഗമസ്ഥാനമായ ഇവിടേക്കുള്ള യാത്ര എൻെറ ജീവിതത്തിൽ അവിസ്മരണീയ ദൃശ്യമാണ് സമ്മാനിച്ചത്

ശ്രീഷ . എസ് 9 A

# प्यास कौआ

गर्मियो के दिन थे । एक कौआ बहुत प्यासा था । उसका गला सूख रहा था ।

वह इधर उधर उडता हुआ पानी तलाश कर रहा था । अचानक उसने एक जग में थोडा पानी देखा । उसने जग का पानी की कोशिश की लेकिन पानी का स्तर नीचे होने के कारण वह पानी नहीं
पीं सका ।

कौआ बहुत चालाक था । उसे एक युकिन सु । वह कही से छोटे छोटे पत्थर के टुकडे ले आया और जग में डालने लगा ।
जैसे ही पानी का स्तर बाहर आया कैए ने बापर आए पानी से त्यास
और उड गया ।

अखती एम



ജി എച്ച് എസ് തേനാരി നൂറാം വർഷത്തിലേക്ക്

ഞങ്ങളുടെ സ്കൂളിൻെറ നൂറാം വാർഷികം ജനവരി 24 ന് ആഘോഷിച്ചു. 1924 ൽ സ്ഥാപിതമായ സ്കൂളിൻെറ നൂറാം വാർഷികഘോഷം ഉദ്ഘാടനം ചെയ്തത് പ്രഭാകരൻ എം.എൽ.എ യും വിഷ്ടതാഥികളായി എങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, മ്യൂസിക്ക് ഡയറക്ചറും ആലങ്കോട് ലീലകൃഷ്ണൻ, സാഹിത്യകാരനും എതിച്ചേർന്നു. ഞങ്ങളുടെ സ്ഥാപനത്തിൽ പഠിച്ച് ഏറ്റവും മുതിർന്ന വിദ്യാർത്ഥി 102 വയസ്സുള്ള ദണ്ഡപാണി അവർകളെ ആദരിച്ചു. സ്കൂളിൽ വിരമിച്ച എല്ലാ അധ്യാപകരെയും മുൻ പ്രധാന അധ്യാപകമാരേയും ക്ഷണിക്കുകയും ഏറ്റവും മുതിർന്ന അധ്യപികയായ വസുന്ധരാദേവി ടീച്ചറെയും കൂടാതെ ഈ സ്കൂൾ സ്ഥാപിച്ച വടശ്ശേരി കൃഷ്ണൻ നായരുടെ ചെറുമകനായ ഹരിപ്രസാദ് അവർകളെയും സ്കൂൾ ആധരിച്ചു . പൂർവവിദ്യാർത്ഥി കൂട്ടായ്മ ഞങ്ങളുടെ വിദ്യാലയത്തിന് സ്റ്റേജും ഗാന്ധിപ്രതിമയും സ്ഥാപിച്ചു തരുകയും ചെയ്തുവിവിധ എൻഡോവ്മെൻറ വിതരണത്തോടൊപ്പം ഞങ്ങളുടെ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥിയായ നന്ദകുമാർ I . A . S സ്പോൺസർ ചെയ്ത സ്കോളർഷിപ്പ് വിതരണവും നടന്നു . തേനാരി എന്ന നെയ്ത്തു ഗ്രാമത്തിലെ വിദ്യയുടെ വെളിച്ചമായ ഈ സ്ഥാപനത്തിൻെറ ഉയർച്ചയ്ക്ക് സഹായിച്ച എല്ലാ സുമനസ്സുകളെയും സ്മരിക്കുന്നു




ജീവിതത്തിൽ മറക്കാനാവാത്ത അനുഭവം......

ഈ അധ്യായന വർഷത്തിൽ ഞങ്ങൾക്ക് മറക്കാനാവാത്ത ഒരനുഭവമാണ് ഇവിടെ പങ്കുവയ്ക്കുന്നത്. സീഡ് ക്ലബിൻറ പ്രവത്തനവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ കൂട്ടുപാതയ്ക്ക് സമീപമുള്ള ദേവാശ്രയം ചാരിറ്റബിൾ സൊസൈറ്റി സന്ദർശിക്കാനിടയായി .

അവിടെ പോയപ്പോൾ ഞങ്ങൾക്ക് മറക്കാനാവാത്ത ഒരുപാട് അനുഭവങ്ങൾ ലഭിച്ചു .അവിടെ ഞങ്ങളെക്കാളും കഴിവുള്ള ഒരുപാട് കുട്ടികളെ കാണാനായി കഴിഞ്ഞു. അതിൽ ഞങ്ങൾക്ക് ഒരുപാട് സന്തോഷമുണ്ട്. അവരുടെ കഴിവുകളെ വർധിപ്പിക്കാനായും പ്രോത്സാഹിപ്പിക്കാനായും നിരവധി അധ്യാപകർ അവിടെ ഉണ്ടായിരുന്നു .അവരുടെ ശാരീരികവും മാനസ്സികവുമായ പ്രശ്നങ്ങൾ മറികടക്കാൻ ധൈര്യം പകരുന്നവരായിരുന്നു അവിടെത്തെ അധ്യപകർ .അവരുടെ ആഗ്രഹങ്ങൾക്ക് ഒട്ടും കുറവുവരാതെ അതെല്ലാം സാധ്യമാക്കാൻ അവർ നിരന്തരം പരിശ്രമിച്ചുക്കൊണ്ടിരിക്കുന്നു എന്ന് ഞങ്ങൾക്ക് അവിടെ പോയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു.അതുപ്പോലെ തന്നെ എല്ലാ കഴിവുകളും ഉള്ള ഞങ്ങൾ അവരുടെ മുന്നിൽ തീർത്തും നിസ്സാരരാണെന്ന് തിരിച്ചറിഞ്ഞു. ഇത് ഞങ്ങളുടെ കണ്ണു തുറപ്പിച്ചു. അവർ ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർ ആണെങ്കിൽ പോലും അവരിൽ നിന്നും ഒരുപാട് കാര്യങ്ങൾ ഞങ്ങൾ പഠിക്കുകയുണ്ടായി. അവരുടെ കലാപരമായ പ്രകടനങ്ങളും ഞങ്ങളെ വല്ലാതെ ആശ്ചര്യപ്പെടുത്തി. അതുപ്പോലെ അവരെ സന്തോഷിപ്പിക്കാൻ ഞങ്ങളുടെ കൂട്ടുകാരും ചില പ്രകടനങ്ങൾകാഴ്ചവെക്കുകയുണ്ടായി. അവരുടെ വരുമാനമാർഗ്ഗമായി നൂല് ഉല്പാദനം, ഫിനോയിൽ നിർമ്മാണം,ചന്ദനത്തിരി നിർമ്മാണം എന്നിവയും അവിടെ നടക്കുന്നുണ്ട് .അവർ നിർമ്മിച്ച സാധനങ്ങൾ ഞങ്ങൾക്കും വാങ്ങാൻ അവസരം ലഭിച്ചു ഒപ്പം ഞങ്ങളുടെയും അധ്യാപകരുടെയും ചെറിയ സഹായം അവർക്ക് നൽകുകയുണ്ടായി. ഇത്തരത്തിൽ കഴിയുന്ന ഒരു കൂട്ടം നല്ല മനസ്സുള്ളവരുടെ കൂടെ അല്പനേരം ചെലവഴിക്കാൻ കഴിഞ്ഞത് എന്നും ജീവതത്തിൽ മറക്കാൻ കഴിയാത്ത ഒരു ഓർമ്മതന്നെയാണ്.

അനുശ്രീ ആർ ,അഫീഫ എസ് ,കനിഷ്ക എം
ക്ലാസ് 9എ

അനുദിനം മാറികൊണ്ടിരിക്കുന്ന ലോകം സാങ്കേതിക വിദ്യയും ജനങ്ങളുടെ ജീവിത സാഹചര്യവും പ്രവർത്തനമണ്ഡലങ്ങളും  എല്ലാം മാറ്റങ്ങൾ ഉൾക്കൊള്ളുന്നു. മനുഷ്യത്വം പോലും മരവിക്കുന്ന സാഹചര്യങ്ങൾ നാം നേരിടേണ്ടി വരുന്നു. ഈ കാലഘട്ടത്തിൽ ജനാധിപത്യ മൂല്യവും സഹിഷ്ണതയും പൗരബോധവും സാമൂഹിക മൂല്യങ്ങളുമുള്ള പൗരൻമാരായി സാങ്കേതികജ്ഞാനം ഉൾക്കൊണ്ട് അതിലെ ചതികുഴികളെ തിരിച്ചറിഞ്ഞ് ജീവിതമാണ് ഞങ്ങളുടെ ലഹരിയെന്ന് ഉറക്കെ ആഹ്വാനം ചെയ്തുകൊണ്ട് വളർന്ന് വരാൻ ഇന്നത്തെ തലമുറയ്ക്ക് കഴിയണം. എന്നാലേ ലോകം സമാധനത്തിലേക്ക് പോകു . അതിന് ഭാവി തലമുറകൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം കേരളത്തിലെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തനങ്ങൾ ഉയരങ്ങളിൽ എത്തിച്ചേരട്ടെ.

അബുതാഹിർ എ
കൈറ്റ് മാസ്റ്റർ
എസ്.ഐ.റ്റി.സി

അനുരാധാദേവി വി
കൈറ്റ് മിസ്ട്രസ്





# ശതാബ്ദി ആഘോഷ ചിത്രങ്ങളിലേക്ക്

ജി.എച്ച്.എസ്. തേനാരി

100-ാം വാർഷികം

2024 ജനുവരി 21,23,24

തേനാരിവം


ജി.എച്ച്.എസ്. തേനാരി
തേനാരവം
വിളംബര ജാഥ





# നന്ദി

ലിറ്റിൽ കൈറ്റ്സ് മാഗസിൻ തയ്യാറാക്കുന്നതിന്
സഹായിച്ച എല്ലാ ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾക്കും മറ്റു വിദ്യാർത്ഥികൾക്കും
അധ്യാപകർക്കും നന്ദി

**ജി എച്ച് എസ്**
**തേനാരി**